1. അബ്ദുൾ വാഹിദ് S/o മൊയ്തു, വയസ്സ് 21/14, തറേക്കണ്ടി (H), മേപ്പയ്യൂർ.

2. മുഹമ്മദലി ഫറൂഖ് S/o, മൊയ്തീൽ വയസ്സ് 21/14, ചെറുവോട്ട് മഠത്തിൽ, തിരുവള്ളൂർ

(ഡി) കേസ് അന്വേഷണം പൂർത്തിയായിട്ടില്ലാത്തതിനാൽ കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല.

(ഇ) കേസ് അന്വേഷണാവസ്ഥയിലാണ്.

അഭിലാഷിന്റെ ദുരൂഹ മരണം

199 (204) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് ഹോസ്ദുർഗ്ഗ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥി അഭിലാഷിന്റെ ദുരൂഹ മരണം സംബന്ധിച്ച ക്രൈം ബ്രാഞ്ച് അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) അന്വേഷണം പൂർത്തിയാക്കുന്നതിന് എത്ര കാലമെടുക്കുമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത അന്വേഷണത്തിന്റെ ചുമതല ആർക്കെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കാഞ്ഞങ്ങാട് ഹോസ്ദുർഗ്ഗ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥി അഭിലാഷിന്റെ മരണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1188/14 കേസ് ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറുകയും (CBCID, Cr.No. 210/CR/HHW-111/KKD/14) ക്രൈം ബ്രാഞ്ച് HHW-III കണ്ണൂർ സബ്-യൂണിറ്റ് ഡിവൈ.എസ്.പി. ശ്രീ. കെ. വി. സന്തോഷ് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു. ടി കേസിൽ ആധികാരികമായ തെളിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് അന്വേഷണം പൂർത്തീകരിച്ച് കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ സ്റ്റുഡന്റ് പോലീസ് സ്കീം

200 (205) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ ഏതൊക്കെ സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് സ്കീം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

16 സ്ഥലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. സ്ഥലങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*

നെടുമങ്ങാട് നെല്ലനാട് വില്ലേജിൽ പാറപൊട്ടിച്ച കടത്തുന്നതു സംബന്ധിച്ച പരാതി

201 (206) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ അതിർത്തികൾ തകർത്ത് ബലാല്ലാരമായി കൈയേറി പാറപൊട്ടിച്ചു കടത്തുന്നതു സംബന്ധിച്ച് നെടുമങ്ങാട് നെല്ലനാട് വില്ലേജിൽ കോട്ടുകുന്നം ഉഷസ് ഭവനിൽ രാമകൃഷ്ണൻ മകൻ കുട്ടന്റെ പരാതി പ്രകാരം ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ കേസ് നമ്പർ വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധമായി എന്തൊക്കെ നടപടികൾ ഏതൊക്കെ തീയതികളിൽ പോലീസ് സ്വീകരിച്ചിട്ടുണ്ടെന്നതിന്റെ വിശദവിവരം നല്കാമോ;

(സി) ഇക്കാര്യത്തിൽ മുൻസിഫ് കോടതിയുടെ ഇഞ്ചംഗ്ഷൻ ഉത്തരവും, ജില്ലാ കളക്ടറുടെ സ്റ്റോപ് മെമ്മോയും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അതു നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; നിരോധനം ലംഘിച്ച എത്ര വാഹനങ്ങളും, മെഷിനറിയും പിടിച്ചെടുത്തിട്ടുണ്ട്,വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് പരാതികൾ പോലീസിനു ലഭിച്ചിട്ടില്ലാത്തതിനാൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ വെഞ്ഞാറമൂട് കോട്ടുകുന്നം ഉഷസ് ഭവനിൽ രാമകൃഷ്ണൻ നാടാർ മകൻ ശ്രീക്കുട്ടൻ നാടാരുടെ വസ്തുവിൽ വിജയൻ നായർ എന്നയാളും മറ്റുള്ളവരും ചേർന്ന് ബലാത്കാരമായി പ്രവേശിച്ച് പാറപൊട്ടിച്ച് കടത്തുന്നതായി കാണിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് ടിയാൻ നൽകിയ പരാതിയിന്മേൽ ടി സ്ഥലത്തുള്ള പാറ ഖനനം നിർത്തിവയ്പ്പിക്കുവാൻ നെല്ലനാട് വില്ലേജ് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതും ടി പ്രവർത്തികൾക്ക് വില്ലേജ് അധികാരികൾ പോലീസ് സംരക്ഷണം ആവശ്യപ്പെടുന്ന പക്ഷം നൽകണമെന്നും ജില്ലാകളക്ടർ ഉത്തരവിട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റവന്യൂ അധികാരികൾ പോലീസ് സഹായം ആവശ്യപ്പെടുന്ന പക്ഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly